## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*375 — 26.06.2013-ൽ മറുപടിക്ക്.

### മിനിമം വേതനം പതിനായിരം രൂപയാക്കണമെന്ന ആവശ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ് :<br>ശ്രീ. എളമരം കരീം :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. കെ. കെ. നാരായണൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| എ) രൂക്ഷമായ വിലക്കയറ്റം മൂലം യഥാർത്ഥ വേതനത്തിൽ ഇടിവ് വന്നത് കണക്കിലെടുത്ത് മിനിമം വേതനം പതിനായിരം രൂപയാക്കണമെന്ന തൊഴിലാളി സംഘടനകളുടെ ആവശ്യം പരിഗണിക്കുമോ ; | (എ) തൊഴിലാളികളുടെ മിനിമം വേതനം പതിനായിരം രൂപയാക്കണമെന്ന് ആവശ്യപ്പെട്ടുള്ള നിവേദനങ്ങളൊന്നും തന്നെ തൊഴിലാളി സംഘടനകൾ നൽകിയിട്ടില്ല. |
| ബി) കോൺട്രാക്ട് ലേബർ (റെഗുലേഷൻ & അബോളിഷൻ) ആക്ടിൽ നിശ്ചയിച്ചിരിക്കുന്നതുപോലെ കരാർ തൊഴിലാളികൾക്ക് സ്ഥിരം തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനവും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ ; | (ബി) 1970 ലെ കരാർ തൊഴിലാളി (റഗുലേഷൻ ആൻറ് അബോളിഷൻ) ആക്റ്റ് പ്രകാരം കരാർ തൊഴിലാളികൾക്ക്, സ്ഥിരം തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനവും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. എന്നിരുന്നാലും ഈ വിഷയത്തിൽ പരാതികൾ ലഭിക്കുന്ന അവസരത്തിൽ തൊഴിൽവകുപ്പ് ഉദ്യോഗസ്ഥർ അത്തരം സ്ഥാപനങ്ങളിൽ പരിശോധന നടത്തി കരാർ തൊഴിലാളികൾക്ക് നിയമാനുസൃതമായ വേതനവും ആനുകൂല്യങ്ങളും ഉറപ്പ് വരുത്തുന്നതിന് തൊഴിലുടമകൾക്കെതിരെ നിയമ നടപടികളും സ്വീകരിക്കുന്നുണ്ട്. |
| (സി) ഇത് പാലിക്കാത്തവർക്കെതിരെ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ ? | (സി) ഓരോ പ്രദേശത്തെയും അസിസ്റ്റൻറ് ലേബർ ഓഫീസർമാർ കരാർ നിയമം ലംഘിക്കുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തിയും ജില്ലാ ലേബർ ഓഫീസറുടെ (എൻഫോഴ്സ്മെൻറ്) നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന നടത്തിയും, കരാർ തൊഴിലാളികൾക്ക് വേതനവും ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനായി ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതടക്കമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. തുല്യ വേതനമോ മിനിമം വേതനമോ നൽകാത്ത തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷനടക്കമുള്ള നിയമനടപടികളും സ്വീകരിക്കുന്നു. |

സെക്ഷൻ ഓഫീസർ.